# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം **നമ്പർ : 4922** **27.10.2016** ൽ മറുപടിയ്ക്ക്

## ഭൂരഹിതരായ പാവപ്പെട്ടവർക്ക് ഭൂമി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി. തോമസ്**<br>**ശ്രീ. വി.ടി.ബൽറാം** | **ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് ഭൂരഹിതരായ പാവപ്പെട്ടവർക്ക് ഭൂമി നൽകുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ ഭൂരഹിതരായ പാവപ്പെട്ട കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് വേണ്ടി ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം മൂന്ന് സെന്റ് ഭൂമി വീതം പതിച്ച് നൽകി വരുന്നു. വാർഷിക വരുമാനം 75000/- രൂപയിൽ താഴെയായിട്ടുള്ളതും സ്വന്തമായി ഭൂമിയില്ലാത്തതും കേരളത്തിൽ സ്ഥിര താമസമാക്കിയിട്ടുള്ളതുമായ കുടുംബങ്ങളെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നത്. ഭൂമി ലഭിക്കുന്നതിന് വേണ്ടി സമർപ്പിച്ചിരുന്ന അപേക്ഷകളിൽ നിന്ന് 2,43,928 കുടുംബങ്ങളെയാണ് പ്രാഥമികമായി തെരഞ്ഞെടുത്തിരുന്നത്. ഇതിൽ 58,398 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചു. ഭൂമി കൈമാറുന്ന പ്രവർത്തനം ജില്ലകളിൽ പുരോഗമിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്തെ ഭൂരഹിതരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്തെ ഭൂരഹിതരുടെ എണ്ണം കണക്കാക്കിയിട്ടില്ല. എന്നാൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി മുഖേന ഭൂമി ലഭിക്കുന്നതിന് സമർപ്പിച്ചിരുന്ന അപേക്ഷകളിൽ നിന്ന് നിശ്ചിത മാനദണ്ഡങ്ങൾക്കനുസൃതമായിട്ടുള്ള 2,43,928 ഭൂരഹിത കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നു. |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 35851 |
| കൊല്ലം | 28591 |
| പത്തനംതിട്ട | 6807 |
| ആലപ്പുഴ | 14163 |
| കോട്ടയം | 10388 |
| ഇടുക്കി | 7970 |

| | |
|---|---|
| എറണാകുളം | 31379 |
| തൃശ്ശൂർ | 26776 |
| പാലക്കാട് | 23874 |
| മലപ്പുറം | 23962 |
| കോഴിക്കോട് | 8304 |
| വയനാട് | 4546 |
| കണ്ണൂർ | 11099 |
| കാസർഗോഡ് | 10218 |
| **ആകെ** | **2,43,928** |

| | | |
|---|---|---|
| (സി) | ഇവർക്ക് വിതരണം ചെയ്യുന്നതിന് ആവശ്യമായ മിച്ച ഭൂമി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് നൽകുന്നതിന് അനുയോജ്യമായ മിച്ചഭൂമി ഉൾപ്പെടെയുള്ള വിവിധതരം സർക്കാർ ഭൂമികൾ തെരഞ്ഞെടുക്കുന്ന പ്രവർത്തനം ജില്ലകളിൽ നടന്നു വരുന്നു. ടി പ്രവൃത്തി പൂർത്തിയായാൽ മാത്രമേ ഗുണഭോക്താക്കൾക്ക് നൽകാനാവശ്യമായ ഭൂമിയുടെ ലഭ്യതയെക്കുറിച്ചുള്ള കൃത്യമായ കണക്ക് വെളിവാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ